കോഴിക്കോട് മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ വരുമാന മാർഗ്ഗങ്ങൾ

84 (749) ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ വരുമാനമാർഗ്ഗങ്ങളും ചെലവഴിക്കുന്നവിധവും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ആശുപത്രിയിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫണ്ടിൽ നിലവിൽ എത്ര രൂപയുണ്ടെന്നും ഏത് ബാങ്കിലാണ് ഇത നിക്ഷേപിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള മെഡിക്കൽ കോളേജ് ആശുപത്രി, മാതൃശിശു സംരക്ഷണ കേന്ദ്രം, നെഞ്ച് രോഗ ആശുപത്രി എന്നിവിടങ്ങളിൽ ആശുപത്രി വികസന സൊസൈറ്റി നിലവിലുണ്ട്. പ്രസ്തുത ആശുപത്രികളിൽ നടത്തപ്പെടുന്ന വിവിധതരം പരിശോധനകൾ, കാന്റീൻ, ഗേറ്റ് പാസ്സ്, എസ്.റ്റി.ഡി. ബൂത്ത്, കംഫർട്ട് സ്റ്റേഷൻ, സംരക്ഷണ കേന്ദ്രം, ന്യായവില മെഡിക്കൽ ഷോപ്പ്, ആംബുലൻസ് എന്നിവയാണ് വരുമാന മാർഗ്ഗങ്ങൾ.

ആശുപത്രികളിൽ അത്യാവശ്യംവേണ്ട ഉപകരണങ്ങൾ, ലാബ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ റീയേജന്റുകൾ, മെഡിക്കൽ ഷോപ്പിലേക്കാവശ്യമായ മരുന്നുകൾ എന്നിവ വാങ്ങുന്നതിനും കൂടാതെ ആശുപത്രിയുടെ ഉന്നമനത്തിനും ദൈനംദിന ആവശ്യങ്ങൾക്കും രോഗികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രധാനമായും ഇത ചെലവഴിക്കുന്നത്. എച്ച്.ഡി.എസ്സി-ന് കീഴിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിന് വേണ്ടിയും ടിയുക ഉപയോഗിക്കുന്നു.

(ബി) എച്ച്.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് സി.ടി., എം.ആർ.ഐ.ഡി കാത്ത് ലാബ്, എക്കോ മെഷീൻ, ലീനിയർ ആക്സിലേറ്റർ എന്നിവ ഉൾപ്പെടെ ആശുപത്രിയുടെ പ്രവർത്തനത്തിന് അത്യാവശ്യമായ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നു. കൂടാതെ രോഗികൾക്ക് ഏറ്റവും അത്യാവശ്യമായ സൗകര്യങ്ങൾ, വന്ധ്യതാ നിവാരണ വിഭാഗം ഉൾപ്പെടെ എച്ച്.ഡി.എസ്., ആർ.എസ്.ബി.വൈ. ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്നു.

808/17

LIBRARY ARCHIVES Kerala Legislative Assembly

(സി)

ക്രമ നമ്പർ	ആശുപത്രി	ബാങ്ക്	തുക
1	മെഡിക്കൽ കോളേജ് ആശുപത്രി	1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	77,98,091
		2. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്	1,53,90,508 (ഫിക്സഡ്)
2	മാതൃ-ശിശു സംരക്ഷണ കേന്ദ്രം	1. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	36,13,022
		2. ഇന്ത്യൻ ഓവർസീസ് ബാങ്ക്	46,47,854
		3. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്	3,79,62,220
		4. ആർ.എസ്.ബി.വൈ. സ്കീമിൽ	(ഫിക്സഡ്) 2,64,94,860
3	നെഞ്ചുരോഗ ആശുപത്രി	1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	17,16,468
		ആകെ	9,76,23,023

മെഡിക്കൽ കോളേജുകളിലെ അവശ്യ തസ്തികകൾ

85 (750) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും, മെഡിക്കൽ കൗൺസിലിന്റെ നോംസ് അനുസരിച്ചുള്ള ആവശ്യമായ തസ്തികകൾ എത്രയാണ് ;

(ബി) സർക്കാർ സൃഷ്ടിച്ച സ്ഥിരം തസ്തികകൾ എത്രയാണെന്നും എത്ര തസ്തികകളിൽ ഇനിയും സ്ഥിരമായ നിയമനം നടത്താൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ ; നിലവിലുണ്ടായിരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും എത്ര തസ്തികകൾ പുതുതായി സ്ഥാപിക്കപ്പെട്ട മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിക്കൊടുത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly